**POLICE** **DEPARTMENT**

**KERALA**


**No. B6-87131/2015/TC**
City Police Office,
Thiruvananthapuram
cptvm.pol@kerala.gov.in
04712320579


Dated. 04-10-2016

## പുനർലേലപ്പരസ്യം

തിരുവനന്തപുരം സിറ്റി പോലീസ് മേധാവിയുടെ കാര്യാലയത്തിൽ നിന്നും അറിയിക്കുന്നത്

തിരുവനന്തപുരം സിറ്റി പോലീസിൻറെ അധികാരതിർത്തിയിലുള്ള നേമം പോലീസ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിച്ചിരിക്കുന്ന മാവ് മരത്തിൻറെ കഷണങ്ങൾ (10 എണ്ണം) 24/09/2016 ന രാവിലെ 11 മണിക്ക് ലേലം നടത്താൻ തീരുമാനിച്ചിരുന്നതും, ആയത് ആരും തന്നെ ലേലം കൊണ്ടിട്ടില്ലാത്തതുമാണ്. ടി വസ്തുക്കളുടെ പുനർ ലേലം രാവിലെ 22/10/2016 ന 11 മണിക്ക് തിരുവനന്തപുരം സിറ്റി നേമം പോലീസ് സ്റ്റേഷൻ പരിസരത്തു വച്ച് നടത്തപ്പെടുന്നതാണ്.

### ലേല നിബന്ധനകൾ

1) ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് സഹിതം ലേല സ്ഥലത്തു നേരിട്ടു ഹാജരാകേണ്ടതും, നിശ്ചയിച്ചിട്ടുള്ള നിരത ദ്രവ്യം(500/- രൂപ ) അടച്ച് രസീത് വാങ്ങേണ്ടതുമാണ്. ലേലം കഴിഞ്ഞാലുടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ചു നൽകുന്നതാണ്.

2) ലേലം കൊള്ളുന്നയാൾ ലേലത്തുകയുടെ 50% അടക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം കിട്ടുന്നയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിനു മുതൽക്കൂട്ടുന്നതും പുനർ ലേലം ചെയ്യുന്നതുമായിരിക്കും.

3) ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടിയാലുടൻ ബാക്കി തുകയും നികുതികളും അടക്കേണ്ടതും ആയതിനു ശേഷം ലേല വസ്തുക്കൾ സ്വന്തം ഉത്തരവാദിത്തത്തിൽ നീക്കം ചെയ്യേണ്ടതുമാണ്.

4) മുൻ ലേലക്കാരൻറെ വീഴ്ച മൂലം പുനർലേലം നടത്തേണ്ടി വന്നാൽ തന്മൂലം സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

5) ലേലം മാറ്റിവയ്ക്കുന്നതിനും ലേല പരസ്യം അസ്ഥിരപ്പെടുത്തുന്നതിനുള്ള അധികാരം തിരുവനന്തപുരം സിറ്റി പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

G Sparjan Kumar IPS
District Police Chief

To : ബോർഡ് അംഗങ്ങൾക്ക് അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി

Copy To : എല്ലാ ജില്ലാപോലീസ് മേധാവികൾക്കും ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേയ്ക്കും വ്യാപക പരസ്യത്തിനുമായി/ ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരത്തിന് വ്യാപക പരസ്യത്തിനായി/ സി എ ടു ഡി പി സി / ഡി സി പി (L/O)/ഡി സി പി (C&A)/ എന്നിവർക്ക്

അറിവിലേയ്ക്കായി/തിരുവനന്തപുരം സിറ്റി യൂണിറ്റിലെ എല്ലാ ഓഫീസർമാർക്കും
അനന്തരനടപടികൾക്കായി /നോട്ടീസ് ബോർഡ്/ മാനേജർ സി.പി.ഒ യ്ക്ക്
അനന്തരനടപടികൾക്കായി